## കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ്-എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി - വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുവേണ്ടി കമ്പ്യൂട്ടർ; കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ SIDCO യിൽ നിന്നുകൂടി വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

സ.ഉ (പി)നം 327/2015/ധന തീയതി, തിരുവനന്തപുരം, 04.08.2015

---

പരാമർശം: 1. 27.05.2004-ലെ ജി.ഒ(പി)നം. 247/2004/ധന.
2.22.09.2011 ലെ ജി.ഒ.(എം.എസ്) നം. 30/2011/ITD.
3. ശ്രീ.ആർ. സെൽവരാജ് എം.എൽ.എ യുടെ 19.11.2012 ലെ കത്ത്.

**ഉത്തരവ്**

എം.എൽ.എ. മാരുടെ പ്രത്യേക വികസനനിധി വിനിയോഗിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുവേണ്ടി കമ്പ്യൂട്ടർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ SIDCO യിൽ നിന്നുകൂടി വാങ്ങുന്നതിന് ജില്ലാ കളക്ടർമാക്ക് അനുവാദം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശ്രീ.ആർ.സെൽവരാജ് എം.എൽ.എ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു. പരാമർശം (2) പ്രകാരം SIDCO യെ കമ്പ്യൂട്ടർ സോഫ്റ്റ് വെയർ, ഹാർഡ് വെയർ എന്നിവയിൽ സർക്കാർ വകുപ്പുകളുടെ TSP(Total Solution Providers) ആയി സർക്കാർ നിയമിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി വിനിയോഗിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുവേണ്ടി കമ്പ്യൂട്ടർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ SIDCO യിൽ നിന്നുകൂടി നിലവിലെ എല്ലാ ചട്ടങ്ങളും പാലിച്ചുകൊണ്ട് വാങ്ങുന്നതിന് ജില്ലാ കളക്ടർമാക്ക് അനുവാദം നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ. ബാബു**
**അഡീഷണൽ സെക്രട്ടറി(ധനകാര്യം)**

പകർപ്പ് :-

1. എല്ലാ നിയമസഭാ സാമാജികർക്കും
2 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
5. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറി മാർക്കും, ഗവ. സെക്രട്ടറി മാർക്കും.
6. എല്ലാ വകുപ്പ മേധാവികൾക്കും
7. എല്ലാ ജില്ലാ കളക്ടർമാർക്കും
8. ട്രഷറി ഡയറക്ടർ.
9. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും.
10. നോഡൽ ഓഫീസർ www.finance.kerala.gov.in.
11. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**അക്കൗണ്ട്സ് ഓഫീസർ**